പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4671 19/05/2017-ൽ മറുപടിയ്ക്ക്

**ഇ-ഗ്രാന്റ്സ് ഓൺലൈൻ ഏകജാലക സംവിധാനം വഴി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) | സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കാത്തതുമൂലം അവർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒ.ഇ.സി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളിൽ 189 കോടി രൂപയുടെ കടിശ്ശികയുണ്ടായിരുന്നു. ഒ.ഇ.സി, എസ്.ഇ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിക്കുന്നത് ഒരേ ഹെഡ് ഓഫ് അക്കൗണ്ടിൽനിന്ന് ആകയാൽ ഈ കടിശ്ശിക ഈ വിഭാഗങ്ങളെ പൊതുവിൽ ബാധിച്ചിരുന്നു. |
| ബി) | പട്ടികജാതി-വർഗ്ഗ വകുപ്പിന്റെ ഇ-ഗ്രാന്റ്സ് എന്ന ഓൺലൈൻ ഏകജാലക സംവിധാനത്തിൽ നിന്ന് സർവ്വകലാ ശാലകൾക്ക് പണം കിട്ടാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | ബി) | ഇ-ഗ്രാന്റ്സ് സംവിധാനം മുഖേന നേരിട്ട് സർവ്വകലാശാലകൾക്ക് തുക നൽകുന്നില്ല. സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുകയും സ്ഥാപനങ്ങൾ സർവ്വകലാശാലകൾക്ക് നൽകുകയുമാണ് ചെയ്യുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്ഥാപനങ്ങൾക്കുള്ള തുക അനുവദിച്ചു വരുന്നു. |
| സി) | പ്രസ്തുത ആനുകൂല്യങ്ങൾ സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് ലഭ്യമാകുമെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ? | സി) | എല്ലാ അദ്ധ്യയന വർഷാരംഭത്തിലും ഇ-ഗ്രാന്റ്സ് കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കും എല്ലാ സ്ഥാപനങ്ങളിലെയും ഇ-ഗ്രാന്റ്സ് കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കും ഒരു ഏകദിന ശിൽപശാല നടത്തി വരുന്നു.<br>അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ ഇ-ഗ്രാന്റ്സ് അപേക്ഷ പിശകു കൂടാതെ ഫോർവേഡ് ചെയ്യണമെന്ന് എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ